# പതിമൂന്നാം കേരള നിയമ സഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 570 06.03.2012- ൽ മറുപടിക്ക്**

**പരമ്പരാഗത കൈത്തറി മേഖലയിലെ പുനരുദ്ധാരണ പാക്കേജ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജെയിംസ് മാത്യു** | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ഇന്ത്യയിലെ കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച റിവൈവൽ, റീഫോം, റീ സ്ട്രക്ചറിംഗ് പാക്കേജിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) എല്ലാ സംസ്ഥാനങ്ങൾക്കുമായി മൊത്തം 3884 കോടി രൂപ അടങ്കലുള്ള പദ്ധതിയാണിത്. അതിൽ കേന്ദ്രവിഹിതം 3137 കോടി രൂപയും സംസ്ഥാനങ്ങളുടെ വിഹിതം 747 കോടി രൂപയുമായാണ് കണക്കാക്കിയിരിക്കുന്നത്. പ്രാഥമിക കൈത്തറി സംഘങ്ങൾ, അപ്പക്സ് സംഘം,സ്വകാര്യ നെയ്ത്തുകാർ, കൈത്തറി നെയ്ത്തു ഗ്രൂപ്പുകൾ എന്നിവരുടെ 31.3.10 ന് കടിശ്ശികയായിട്ടുള്ള വായ്പാതുക മുഴുവനും, ഇവരുടെ അക്കൗണ്ട് നോൺ പെർഫോമിങ്ങ് അസറ്റ്സ് (NPA) ആയ തീയതിവരെയുള്ള പലിശയുടെ 25% ഉം തിരിച്ചടവിൽ നിന്നും ഒഴിവാക്കാനാണ് പ്രസ്തുത പാക്കേജ് ലക്ഷ്യമിട്ടിരിക്കുന്നത്. ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾ പുതിയ വായ്പ നൽകണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. അപ്രകാരമുള്ള വായ്പയുടെ 3% പലിശ സബ്സിഡി നൽകാനും Credit Guarantee Trust for Micro Small & Medium Enterprise(CGTMSME) ഗ്യാരന്റി ഫീസായി 1%നിരക്കിൽ നൽകാനും |

| | |
|---|---|
| | വ്യവസ്ഥയുണ്ട്. ഈ പദ്ധതിയനുസരിച്ച് കേന്ദ്രസംസ്ഥാന സർക്കാറുകൾ താഴെ കാണുന്ന അനുപാതത്തിൽ ഫണ്ട് വകയിരുത്തേണ്ടതുണ്ട്.<br>അപ്പക്സ് സൊസൈറ്റി -75:25(കേന്ദ്രം :സംസ്ഥാനം)<br>പ്രാഥമിക സംഘങ്ങൾ -80:20(കേന്ദ്രം :സംസ്ഥാനം)<br>പ്രൈവറ്റ് നെയ്ത്തുകാർ - 80:20(കേന്ദ്രം :സംസ്ഥാനം) |
| (ബി) പ്രസ്തുത പാക്കേജിന്റെ ഇംപ്ലിമെന്റേഷനുമായി ബന്ധപ്പെട്ട് ഏതെല്ലാം നടപടികൾ സംസ്ഥാനത്ത് ഇതിനകം സ്വീകരിച്ചിട്ടുണ്ട് ; | (ബി) പ്രസ്തുത പാക്കേജുമായി ബന്ധപ്പെട്ട ലെറ്റർ ഓഫ് കമ്മിറ്റ്മെന്റ് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ വിഭാവന ചെയ്ത രീതിയിൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഇതിന്റെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിനായി സംസ്ഥാന ജില്ലാ ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് & റിവ്യൂ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നടപ്പു സമ്പത്തിക വർഷം സംസ്ഥാന സർക്കാർ വകയിരുത്തിയ 5 കോടി രൂപയ്ക്ക് നിബന്ധനയ്ക്കു വിധേയമായി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) ഈ പാക്കേജിൽ കേരളത്തിലെ മുഴുവൻ കൈത്തറി സംഘങ്ങളും ഉൾപ്പെടുമോ; | (സി) ഇല്ല. |
| (ഡി) പാക്കേജ് നടപ്പാക്കുന്നതിന് നബാർഡ് എന്തെങ്കിലും നിബന്ധനകൾ മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ അവയേതൊക്കെയാണ് ; | (ഡി) നബാർഡ് നിബന്ധനകളൊന്നും മുന്നോട്ട് വച്ചിട്ടില്ല. എന്നാൽ പ്രസ്തുത പാക്കേജ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാർ പദ്ധതിയനുസരിച്ച് സംഘങ്ങൾ 'വയബിൾ/ പൊട്ടൻഷ്യലി 'വയബിൽ' എന്നീ വിഭാഗത്തിൽപെട്ടതായിരിക്കണമെന്ന് നിബന്ധന വച്ചിട്ടുണ്ട്. |
| (ഇ) കേരളത്തിലെ കൈത്തറി സംഘങ്ങൾക്ക് | (ഇ) ഉണ്ട്. കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശ |

വിഘാതമാകുന്ന ഏതെങ്കിലും നിബന്ധനകൾ ഈ കൂട്ടത്തിൽ ഉള്ളതായി മനസ്സിലാക്കിയിട്ടുണ്ടോ; ഇങ്ങനെയുണ്ടാകുന്ന പക്ഷം അത് പരിഹരിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

സംഘങ്ങൾ **viable** അല്ലെങ്കിൽ **potentially viable** വിഭാഗത്തിൽ ഉൾപ്പെട്ടതായിരിക്കണം എന്ന നിബന്ധനയുണ്ട്. കേന്ദ്രധനമന്ത്രാലയത്തിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി നാഷണൽ ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് & റിവ്യൂ കമ്മിറ്റിക്ക് നിബന്ധനകളിൽ ഭേദഗതികൾ വരുത്താവുന്നതാണ്.

(എഫ്) പാക്കേജ് നടപ്പിലാക്കുമ്പോൾ കേരളത്തിലുണ്ടായേക്കാവുന്ന പരിമിതികളെപ്പറ്റി മനസ്സിലാക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ, ഇല്ലെങ്കിൽ അതിന് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) നാഷണൽ ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് & റിവ്യൂ കമ്മിറ്റിയിൽ സംസ്ഥാനത്തെ ബന്ധപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറിമാരും കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടർമാരും അംഗങ്ങളാണ്. കഴിഞ്ഞ NIMRC യോഗങ്ങളിൽ കേരളത്തിലുണ്ടായേക്കാവുന്ന പരിമിതികളെപ്പറ്റി ചർച്ച ചെയ്യുകയും അനുയോജ്യമല്ലാത്ത നിബന്ധനകൾ മാറ്റണമെന്ന് ശക്തമായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ജി) ഇക്കാര്യങ്ങളെ സംബന്ധിച്ചും കേന്ദ്ര പാക്കേജിന്റെ എല്ലാ സാദ്ധ്യതയും കേരളത്തിലെ കൈത്തറി സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ മുന്നൊരുക്കം നടത്തുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ജി) സംസ്ഥാനത്തെ എല്ലാ കൈത്തറി സംഘങ്ങളുടെയും 2009-10 വരെയുള്ള ഓഡിറ്റ് പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചു. സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സമ്മതപത്രം കേന്ദ്രസർക്കാരിന് നൽകി കഴിഞ്ഞു. ഈ പാക്കേജിനെ സംബന്ധിച്ച പത്ര പരസ്യം ഈ മേഖലയുമായി ബന്ധപ്പെട്ടവരുടെ അറിവിലേക്കായി നൽകി.

**സെക്ഷൻ ഓഫീസർ**

--- ---